പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3731** 23/08/2017- ൽ മറുപടിക്ക്

## കെൽട്രോണിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |

(എ) കെൽട്രോണിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് എന്തെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ബി) കെൽട്രോൺ പുനരുദ്ധരിച്ച് വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെൽട്രോണിനെ നമ്മുടെ രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക് ഹാർഡ് വെയർ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഈ സർക്കാർ വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സോളാർ എനർജിമീറ്ററുകൾ, ഡിഫൻസ് എക്യുപ്മെന്റ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ പദ്ധതികളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുക. കമ്പനിയുടെ വിവിധ യൂണിറ്റുകളിൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തുക. ഏകദേശം 100 കോടി രൂപ മുതൽ മുടക്കിൽ 2 വർഷത്തിനകം പൂർണ്ണമായ തോതിൽ ഉൽപ്പാദനക്ഷമമാകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി 10 കോടി രൂപ കെൽട്രോണിന്റെ ഉപകമ്പനിയായ

കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ നിലവിലുള്ള കപ്പാസിറ്റർ പ്ലാന്റിന്റെ നവീകരണത്തിനും എം.പി.പി റെക്റ്റാംഗുലർ കപ്പാസിറ്ററിന്റെ നിർമ്മാണ സൗകര്യങ്ങൾക്കും, ടൂൾ റൂം നവീകരണത്തിനും ഇലക്ട്രോണിക്സ് മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് നീക്കിവച്ചിരിക്കുന്നത്.

(സി) കൂടുതൽ മേഖലകളിലേക്ക് കെൽട്രോണിന്റെ തനത് പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് സ്ഥാപനത്തിന്റെ വളർച്ച കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) സാധ്യമായ മേഖലകളിൽ കെൽട്രോണിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും, കമ്പനിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചും ആവശ്യമുള്ളവയുടെ നവീകരണം സാധ്യമാക്കിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

Rajeena

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | പദ്ധതി | യൂണിറ്റ് | മൂല്യം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | പ്ലാന്റുകളുടെയും പരിശോധനാ സംവിധാനങ്ങളുടെയും നവീകരണം | കെൽട്രോൺ കൺട്രോൾസ് അരൂർ | 270 |
| 2 | സ്പേസ് ഇലക്ട്രോണിക്സ് സൗകര്യങ്ങളുടെ വികസനപ്രവർത്തനം | കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സ്, കരകുളം | 392 |
| 3 | സ്പേസ് ഇലക്ട്രോണിക്സ് സംവിധാനങ്ങളുടെ നവീകരണം | കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സ്, മൺവിള | 73 |
| 4 | സോഫ്റ്റ്‌വെയർ സേവനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി | ഐ ടി ബിസിനസ്സ് ഗ്രൂപ്പ്, വെള്ളയമ്പലം | 70 |
| 5 | ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിങ് എയ്ഡുകളുടെ നിർമ്മാണത്തിനുള്ള നൂതന യന്ത്രസംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി | കെൽട്രോൺ ലൈറ്റിങ് ഡിവിഷൻ, മുടാടി | 109 |
| 6 | ഗ്രിഡ് ടൈ സോളാർ ഇൻവെർട്ടറുകളുടെ സാങ്കേതികവിദ്യാ വികസനത്തിനായി | പവർ ഇലക്ട്രോണിക്സ് ഗ്രൂപ്പ് കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സ്, കരകുളം | 86 |
| | മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികളുടെ ആകെ ചെലവ് : 1000 ലക്ഷം രൂപ (10 കോടി) | | |

സെക്ഷൻ ഓഫീസർ